പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1443

14/12/2012 - ൽ മറുപടിയ്ക്ക്

പ്രധാനമന്ത്രി ഗ്രാമീണ റോഡ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി<br>'' എ.എം. ആരിഫ്<br>'' ബി. സത്യൻ<br>' ' കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) പ്രധാനമന്ത്രി ഗ്രാമീണ റോഡ് പദ്ധതിയുടെ ഭാഗമായി റോഡ് വികസനത്തിനുള്ള പ്രൊപ്പോസലുകൾ സമർപ്പിക്കാൻ കേന്ദ്ര ഗ്രാമ വികസന വകുപ്പ് സംസ്ഥാനത്തോടാവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എപ്പോൾ ; പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ; എത്ര കിലോമീറ്റർ റോഡ് വികസനത്തിനുള്ള പദ്ധതിക്കുവേണ്ടിയാണ് കേന്ദ്രം ആവശ്യപ്പെട്ടിരിക്കുന്നത്; എത്രമാസത്തിനകം പദ്ധതി സമർപ്പിക്കണമെന്നാവശ്യപ്പെട്ടു ; | (എ) ഉണ്ട്. 2012 നവംബർ 5ന് മുമ്പ് കേന്ദ്രസർക്കാരിന് സമർപ്പിക്കാനാണ് ആവശ്യപ്പെട്ടിരുന്നത്. എന്നാൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് സാങ്കേതിക മികവോടെ തയ്യാറാക്കുന്നതിന് ഇത് പര്യാപ്തമല്ല എന്ന് കേന്ദ്രസർക്കാരിനെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ സമർപ്പിക്കുന്നതിനുള്ള കാലാവധി കേന്ദ്രസർക്കാർ നീട്ടി തന്നിട്ടുണ്ട്.<br><br>പുതിയ പ്രോജക്ട് സമർപ്പിക്കാൻ കേന്ദ്ര സർക്കാർ ആവശ്യപ്പെട്ട കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.<br><br>ഈ പദ്ധതിപ്രകാരം 720 കി.മീ ദൈർഘ്യം വരുന്ന റോഡുകളുടെ പ്രോജക്ട് സമർപ്പിക്കാനാണ് കേന്ദ്രസർക്കാർ ആവശ്യപ്പെട്ടിട്ടുള്ളത്. പ്രത്യേക സമയ പരിധി നിഷ്കർഷിച്ചിട്ടില്ല. |
| (ബി) പദ്ധതി തയ്യാറാക്കി കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ എപ്പോൾ ; വിശദ വിവരങ്ങൾ വെളിപ്പെടുത്തുമോ ; | (ബി) പദ്ധതി തയ്യാറാക്കി കേന്ദ്രസർക്കാരിൽ സമർപ്പിച്ചിട്ടില്ല. കേന്ദ്രസർക്കാരിൽ സമർപ്പിക്കേണ്ട റോഡ് പ്രവർത്തികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കുന്ന നടപടി അന്തിമ ഘട്ടത്തിലാണ്. 2012 ഡിസംബർ അവസാനത്തോടെ കേന്ദ്ര സർക്കാരിൽ സമർപ്പിക്കാൻ സാധിക്കുന്നതാണ്. |

| | |
|---|---|
| (സി) കേന്ദ്രം ആവശ്യപ്പെട്ട നിശ്ചിത സമയത്തിനുള്ളിൽ തന്നെ പ്രൊപ്പോസലുകൾ സമർപ്പിച്ച് അംഗീകാരം നേടിയെടുക്കുന്നതിൽ വീഴ്ച സംഭവിച്ചത് എന്തുകൊണ്ടാണ് ; വ്യക്തമാക്കുമോ ? | (സി) വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്രസർക്കാരിന് സമർപ്പിക്കുന്നതിന് വീഴ്ച സംഭവിച്ചിട്ടില്ല. |

കേന്ദ്രസർക്കാർ നിഷ്ക്കർഷിച്ചിട്ടുള്ള മാനദണ്ഡ പ്രകാരം മാത്രമേ വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിന് സാധിക്കുകയുള്ളൂ. പദ്ധതി തയ്യാറാക്കുന്നതിന് കേന്ദ്രസർക്കാർ നിഷ്ക്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങൾ ചുവടെ ചേർക്കുന്നു.

1. റോഡിന്റെ അലൈൻമെന്റ് നിശ്ചയിക്കുക
2. ഭൂമിശാസ്ത്രപരമായ സവിശേഷതകൾ (Topographical Survey)
3. പദ്ധതി പ്രദേശത്തെ മണ്ണിന്റെ ഘടന പരിശോധന
4. നിർമ്മാണ സാമഗ്രികളുടെ ലഭ്യതയെ കുറിച്ചുള്ള സർവ്വേ
5. പദ്ധതി പ്രദേശത്ത് മഴസമയത്തുണ്ടാകുന്ന ജലത്തിന്റെ ഒഴുക്ക് സംബന്ധിച്ച സർവ്വേ
6. പദ്ധതി പ്രദേശത്തുകൂടി സഞ്ചരിക്കുന്ന വാഹനങ്ങളുടെ കണക്ക്
7. പദ്ധതി പ്രദേശത്തെ ഉപരിതല ഡിസൈൻ (Pavement Design)
8. പദ്ധതി പ്രദേശത്തെ ഓടയുടെയും ചാലിന്റെയും ഡിസൈൻ
9. പദ്ധതി പ്രദേശത്തിന്റെ ഭൂപടം
10. പദ്ധതിയുടെ സ്കെച്ച്
11. കൾവർട്ടുകളുടെ ഡിസൈൻ
12. റോഡ് നിർമ്മിക്കുന്നതിന് ആവശ്യമായ ഇനങ്ങളുടെ (Items) സ്പെസിഫിക്കേഷൻ
13. റോഡ് നിർമ്മിക്കുന്നതിന് ആവശ്യമായ ഇനങ്ങളുടെ അളവ് നിശ്ചയിക്കൽ
14. റോഡ് നിർമ്മിക്കുന്നതിന് ആവശ്യമായ ഇനങ്ങളുടെ നിരക്ക് നിശ്ചയിക്കൽ
15. റോഡ് നിർമ്മിക്കുന്നതിന് ആവശ്യമായ തുക നിശ്ചയിക്കൽ
16. പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ
17. സ്റ്റേറ്റ് ടെക്നിക്കൽ ഏജൻസികളുടെ പ്രോജക്ട് റിപ്പോർട്ട് പരിശോധന

സെക്ഷൻ ഓഫീസർ

जयराम रमेश
IRAM RAMESH

सत्यमेव जयते

ग्रामीण विकास, पेयजल एवं स्वच्छता मंत्री
भारत सरकार
कृषि भवन, नई दिल्ली-110114
MINISTER OF RURAL DEVELOPMENT,
DRINKING WATER AND SANITATION
GOVERNMENT OF INDIA
KRISHI BHAVAN, NEW DELHI-110 114

15th May 2012

Dear Shri Oomen Chandyji

This afternoon, Shri K.C.Joseph, Minister of Rural Development, Government of Kerala met me along with MPs of Kerala to discuss PMGSY and MGNREGA.

I wish to bring to your attention the following decisions that were taken at the meeting:-

1. Kerala government will submit proposals for upgradation of PMGSY roads of about 720 kms **from the original core network**. As soon as these proposals are received in the MoRD, they would be considered and cleared expeditiously;
2. Kerala government would submit proposals for new connectivity to habitations **in the original core network** in the population range of 500-999 that still remain unconnected. As with upgradation proposals, as soon as these proposals are received in the MoRD, they would be considered and cleared;
3. On the 7 hour work schedule under MGNREGA, the state government would give an undertaking that the same schedule of rates as exists now would apply. In other words, the work output would not suffer.

With warm personal regards,

Yours sincerely,

Jairam Ramesh

(Jairam Ramesh)

Shri Oommen Chandy
Chief Minister
Government of Kerala